**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2589.** **09.03.2017 ന് മറുപടിയ്ക്ക്**

**യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കളിൽ ലഹരി ഉപയോഗം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തെ ലഹരി വിമുക്ത മാക്കുന്നതിന് പദ്ധതികൾ ആവി ഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ- 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. വിപുലമായ ബഹുജന പങ്കാളിത്തത്തോടുകൂടി ലഹരിവർജ്ജന ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | ലഹരി വസ്തുക്കളുടെ അനധികൃത ഉല്പാദനവും വിപണനവും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | ലഹരി വസ്തുക്കളുടെ അനധികൃത ഉല്പാദനവും വിതരണവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുന്നതിന്റെ ഭാഗമായി സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. യുവജന-മഹിളാ-സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, ആശാവർക്കർമാർ, ലൈബ്രറി കൗൺസിൽ പ്രവർത്തകർ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തുകളിലെ വാർഡുതലം വരെയുള്ള പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | ലഹരി വസ്തുക്കളുടെ അനധികൃത ഉല്പാദനവും വിപണനവും തടയുന്ന തിനു വേണ്ടി ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന സമിതിയുടെ വിശദാംശങ്ങളും പ്രവർത്തനങ്ങളും | (ഡി) | ലഹരി വസ്തുക്കളുടെ അനധികൃത ഉല്പാദനവും വിതരണവും തടയുന്നതിനു വേണ്ടി ജില്ലാ തലത്തിൽ വിമുക്തി മിഷന്റെ ഭാഗമായി 'വിമുക്തി' ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | കോർപ്പറേഷൻ മേയർ/ മുനിസിപ്പൽ ചെയർമാൻ വൈസ്ചെയർമാനും, ജില്ലാ കളക്ടർ കൺവീനറും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജോയിന്റ് കൺവീനറും, ജില്ലാ മിഷൻ ഓഫീസർ ജില്ലാ കോ-ഓർഡിനേറ്ററും, ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ഐ.&പി.ആർ.ഡി, സ്പോർട്സ് യുവജനക്ഷേമം, SC/ST, സാസ്കാരികക്ഷേമം, ഫിഷറീസ് വകുപ്പ് ജില്ലാ തലവൻമാർക്കും, കുടുംബശ്രീ പ്രതിനിധികൾ, കലാകായിക സാംസ്കാരിക സാഹിത്യ മാധ്യമ രംഗത്തെ പ്രതിനിധികൾ, സന്നദ്ധസംഘടന പ്രതിനിധികൾ, ഗവൺമെന്റ് പ്ലീഡർ, ജില്ലാ ലൈബ്രറി കൗൺസിൽ പ്രതിനിധി, ജില്ലാ പോലീസ് മേധാവി, ജില്ലയിലെ ബഹു: എം.പി, എം.എൽ.എ.മാർ എന്നിവർ അംഗങ്ങളായുള്ള സമിതിയാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. സാമൂഹിക ക്രിയാത്മക ചുവടുവയ്പ്പുകൾ സ്കൂൾ/ കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് പ്രവർത്തനങ്ങൾ. |

**സെക്ഷൻ ഓഫീസർ**